Talented Bankers Literary Panel
പുസ്തക പരിചയം 142

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMECC, കൊട്ടാരക്കര

ഏണിപ്പടികൾ
തകഴി ശിവശങ്കരപ്പിള്ള.

1965 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി.

തിരുവിതാംകൂറിന്റെ ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയ -ഔദ്യോഗിക പശ്ചാത്തലത്തിൽ, കേശവപിള്ള എന്ന വ്യക്തിയുടെ ജീവിത യാത്രയാണ് നോവൽ. ഭൗതിക വിജയങ്ങൾക്കു പിന്നാലെ പാഞ്ഞു, മനസ്സാക്ഷിക്കുത്തു ലവലേശമില്ലാതെ ജീവിതം സ്വസന്തോഷത്തിനു മാത്രം വിനിയോഗിച്ചു, കാലത്തിന്റെ ഗതിയിൽ പരാജയബോധം ഉള്ളിൽ നിറഞ്ഞു സ്വത്വം നശിക്കുന്ന ഉദ്യോഗസ്ഥന്റെ മാനസിക സംഘർഷങ്ങൾ ഇതിവൃത്തം ആയാണ് കഥ പുരോഗമിക്കുന്നത്.
പഠനം പൂർത്തിയാക്കിയ ശേഷം, ജോലി അന്വേഷിച്ചു ചീഫ് സെക്രട്ടറിയുടെ വസതിക്കു മുന്നിൽ കുനിഞ്ഞു കുമ്പിട്ടു നിന്നു 15/- രൂപ ശമ്പളത്തിൽ ക്ലാർക്ക് ആയി ജോലി ആരംഭിക്കുന്ന കേശവപിള്ള, അവിടെ വച്ചു പരിചയപ്പെടുന്ന തങ്കമ്മയുമായി പ്രണയത്തിലാവുന്നു. സ്വജന പക്ഷപാതം അതിസാധാരണമായിരുന്ന അക്കാലത്തു തങ്കമ്മയുടെ ബന്ധു വഴി ഉദ്യോഗക്കയറ്റം കിട്ടുന്ന കേശവപിള്ള, തന്റെ അപ്രതീക്ഷിത വിവാഹവാർത്ത തങ്കമ്മയിൽ നിന്നു മറച്ചു പിടിക്കുന്നു.. പുതിയ ഉദ്യോഗത്തിൽ പതിയെ കേശവപിള്ള തങ്കമ്മയെ മറക്കുന്നു. പിണക്കം ഏതുമില്ലാതെ തങ്കമ്മ മറ്റൊരു വഴിക്കു പോകുന്നു. കേശവ പിള്ളയുടെ ജീവിതത്തിലെ ആദ്യ ഏണിപടി ആയിരുന്നു തങ്കമ്മ. അവിടെ തുടങ്ങുന്നു അയാളുടെ യാത്ര.

തിരുവിതാംകൂറിന്റെ രാഷ്ട്രീയ ആവശ്യങ്ങൾ കൃത്യമായി മനസിലാക്കി, ദിവാന്റെ ഇഷ്ടക്കാരനായി പതുക്കെ കേശവപിള്ള ഉദ്യോഗത്തിൽ ഉയർന്നു തുടങ്ങുന്നു. അനുകമ്പയുടെ കണിക പോലും ഇല്ലാതെ സ്വാർത്ഥ ലാഭേച്ഛയോടെ മാത്രം മുന്നോട്ടു നീങ്ങുന്ന അയാൾക്ക് നേരിടേണ്ടി വരുന്ന വിവിധ രാഷ്ട്രീയ വിരോധങ്ങൾ, ജനരോഷങ്ങൾ. സ്വാതന്ത്ര്യ സമര സേനാനികളോട് ഔദ്യോഗികമായി എതിരിടുന്ന കേശവപിള്ള ബുദ്ധിയുടെയും ഭാഗ്യത്തിന്റെയും അകമ്പടിയിൽ ചീഫ് സെക്രട്ടറി സ്ഥാനത്തേക്ക് ഉയരുന്നു.

ആർദ്രമായി കരുതേണ്ട സ്നേഹബന്ധങ്ങളെ ഭൗതികതയുടെ

അളവുകോൽ കൊണ്ട് അളക്കുന്ന അയാൾ, തങ്കമ്മയുടെ മടങ്ങിവരവും അത്തരത്തിൽ ഒതുക്കുന്നു. എങ്കിലും സ്നേഹസമ്പന്നയായ ഭാര്യയോടൊപ്പം സുദൃഢമായ കുടുംബബന്ധം അയാൾ കാത്തു സൂക്ഷിക്കുന്നു.

സ്വാതന്ത്ര്യ സമരത്തിന്റെ കേരളത്തിലെ കാഴ്ചകളും, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും, കോൺഗ്രസ് -കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ചരിത്രവും പശ്ചാത്തലമാകുന്ന നോവൽ ഒരു "political satire " ആയി ഇടയ്ക്കു തോന്നിയാൽ തെറ്റില്ല. വ്യക്തികൾ മാറുകയും വ്യവസ്ഥിതികൾ നിലനിൽക്കുകയും ചെയ്യുന്നത് ചരിത്രാതീതവും, അംഗീകരിക്കേണ്ടതുമാണെന്നു നമുക്കു കാട്ടി തരുന്നു തകഴി. വിജയത്തിന്റെ ഏണിപ്പടികൾ ചവിട്ടി കയറുമ്പോൾ കൈത്താങ്ങായവർ, സ്വയം ഏണിപ്പടികൾ ആയവർ, അന്നം നൽകിയവർ ഒക്കെ മറന്നു സ്വയം ഭ്രമിക്കുന്ന മനുഷ്യ സഹജമായ ചേതനകളെ കാട്ടി ഒടുവിൽ രാഷ്ട്രീയ തിരിമറികളിൽ പടവുകൾ ഇറങ്ങുന്ന കേശവപിള്ള ബാക്കിയാക്കുന്നത് ജീവനില്ലാത്ത യാത്ര പറച്ചിലുകൾ മാത്രമാണ്. വിലയുള്ളതിനു ഭൗതിക വില പൂജ്യത്തിലും താഴെയാണെന്നു കരുതിയ കേശവപിള്ളക്ക് നിറഞ്ഞ കുറ്റബോധത്തോടു കൂടി മാത്രം നടന്നു തീർത്ത വഴികൾ ഓർക്കാം.. പാപഭാരം വരും ജീവിതത്തെ തളർത്താം..

തകഴിയുടെ ഒഴുക്കുള്ള എഴുത്ത് താളുകൾ മറിക്കുന്നത് അറിയിക്കില്ല.

ഏണിപ്പടികൾ 1973ൽ തോപ്പിൽ ഭാസിയുടെ സംവിധാനത്തിൽ അഭ്രപാളികളിൽ നിറഞ്ഞു. സ്വാതി തിരുനാൾ മഹാരാജാവ്, സംഗീത സംവിധാനത്തിൽ G ദേവരാജൻ മാഷോടൊപ്പം പങ്കാളിയായി എന്നതും പ്രത്യേകത ആണ്.

ഡിസി ബുക്ക്സ് ആണ് പ്രസാധകർ
വില : Rs. 460/